# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2577** | **14.12.2015 ലെ മറുപടിക്ക്**

## തിരുവനന്തപുരം മെഡിക്കൽ കോളേജിലെ റേഡിയോളജി വിഭാഗത്തിന്റെ ശോചനിയാവസ്ഥ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) നിർദ്ധനരായ അസംഖ്യം കാൻസർ രോഗികൾ ആശ്രയിക്കുന്ന തിരുവനന്തപുരം മെഡിക്കൽ കോളേജിലെ റേഡിയോളജി വിഭാഗത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) റേഡിയേഷൻ വിഭാഗത്തിലെ പരിമിതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) റേഡിയേഷൻ ചികിത്സയ്ക്കുള്ള ഉപകരണങ്ങൾ കാലപ്പഴക്കവും നിരന്തരവുമായ ഉപയോഗവും കാരണം പ്രവർത്തനരഹിതമായതിനാൽ രോഗികൾ ചികിത്സ കിട്ടാതെ വലയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ; | (ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 2007-ൽ സ്ഥാപിച്ച റേഡിയേഷൻ മെഷീനായ **Equinox Cobalt-60-** കാലപ്പഴക്കം കൊണ്ട് ഇപ്പോൾ പ്രവർത്തനരഹിതമാകുകയും, അതിന്റെ സർവ്വീസ് എഞ്ചിനീയർമാർ പരിശോധിച്ചതിൽ നിന്ന് സോഫ്റ്റ്‌വെയർ മാറ്റുവാൻ നിർദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 8.5 ലക്ഷം രൂപ വിലയുള്ള സോഫ്റ്റ്‌വെയർ മാറ്റുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ലീനിയർ ആക്സിലറേറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികളും നടന്നുവരുന്നു. |

(സി) പ്രസ്തുത വിഭാഗത്തിന്റെ ചികിത്സാ സൗകര്യങ്ങളും മറ്റു ഭൗതിക സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിന് അടിയന്തര പരിഗണന നൽകി നടപടികൾ സ്വീകരിക്കുമോ ?

(സി) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ പ്രൊപ്പോസൽ ലഭ്യമാക്കി നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ